ദേശാഭിമാനി
നാടകാന്തി

അന്ധവിശ്വാസത്തിന്റെ 'വസൂരിക്കല്ല'

വസൂരിയിലെ ഒരു രംഗം

ജി സതീശൻ

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് മാനവരാശിയെ പിടിച്ചുകുലുക്കിയ മഹാമാരിയുടെ മുന്നിൽ ലോകം പകച്ചു നിന്നു. പ്രതിരോധമില്ല, ചികിത്സയില്ല.കൺമുന്നിൽ ലക്ഷങ്ങൾ മരിച്ചു വീഴുന്നു. യൂറോപ്യൻ രാജ്യങ്ങളിലെ സ്ഥിതി ഇതായിരുന്നെങ്കിൽ ശാസ്ത്രവും മരുന്നും കടന്നു ചെല്ലാതിരുന്ന കേരളത്തിലെ ഗ്രാമങ്ങളിലെ അവസ്ഥ കൂടുതൽ ഭീകരമായിരുന്നു. രോഗം ബാധിച്ചവരെ വീട്ടിൽ നിന്ന് മാറ്റി പാർപ്പിക്കും. തുടർന്ന് രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ജീവനോടെ തന്നെ മറവ് ചെയ്യും.അവരുടെ മുന്നിൽ രണ്ടു മാർഗമേ അവശേഷിച്ചിരുന്നുള്ളൂ ചുടണോ? മൂടണോ?. വസൂരി മൂലം ലോകത്താകെ ഏകദേശം 50 കോടി ജനങ്ങൾ മരിക്കാനിടയായി എന്നറിയുമ്പോൾ തന്നെ ഇതിന്റെ ഭീകരത എത്ര മാത്രം ഉണ്ടെന്ന് നമുക്ക് ഊഹിക്കാൻ കഴിയും. ഇന്ന് വസൂരി യെന്ന മാരക രോഗം ഭൂമുഖത്ത് നിന്ന് തന്നെ തുടച്ച് നീക്കിയെങ്കിലും രോഗം പോലെ തന്നെ അന്ധവിശ്വാസം നാട്ടിലാകെ പകരുമ്പോൾ വസൂരിയെന്ന ചെറിയ ചലച്ചിത്രം വലിയ ലോകത്തിന്റെ വഴികാട്ടിയായി മാറുന്നു. ഉണ്ണി ബാലചന്ദ്രൻ എന്ന കൊച്ചു കുട്ടിയുടെ അമ്മയക്ക് വസൂരി വന്നു. നാട്ടുവൈദ്യരുടെ നിർദ്ദേശപ്രകാരം വീട്ടിൽ നിന്ന് മാറ്റിപ്പാർപ്പിച്ചു. രണ്ടോ മൂന്നോ ദിവസത്തിന് ശേഷം അമ്മയുടെ രോഗം മാറില്ലെന്ന് വീട്ടുകാരെ ധരിപ്പിച്ച് ആ സ്ത്രീയെ ജീവനോടെ ചുട്ടെരിച്ചു.തീനാമ്പുകൾക്ക് ഇടയിലൂടെയുള്ള ഉണ്ണീയെന്ന വിളി അവന്റെ കാതുകളിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. ചെറുമകന്റെ ദു:ഖത്തിന്റെ കാരണം മനസിലാക്കിയ ഉൽപ്പതിഷ്ണുവായ അവന്റെ അമ്മൂമ്മ ആധുനിക വൈദ്യചികിത്സയെക്കുറിച്ച് പഠിക്കാനായി അടുത്ത ദേശത്തുള്ള അനന്തപത്മനാഭ പിഷാരടി എന്ന ഡോക്ടറുടെ അടുത്തേക്ക് അയച്ചു. അദ്ദേഹത്തോടൊപ്പം പ്രാഥമിക വിദ്യാഭ്യാസം നേടിയ ഉണ്ണി സർവകലാശാലയിൽ നിന്ന് ഉന്നത ബിരുദം നേടി തിരിച്ചെത്തി.ഗ്രാമത്തിലെ പ്രൈമറി സ്കൂൾ വിദ്യാർഥികളോട് തന്റെ ജീവിതകഥ പറയുന്നതാണ് ചിത്രത്തിന്റെ പ്രമേയം. വസൂരി എന്ന ഹ്രസ്വചിത്രത്തിന്റെ കഥാബീജം രൂപം കൊണ്ടതിനെ കുറിച്ച് സംവിധായകനും രചയിതാവുമായ ജയിൻ ഗോപിനാഥിന്റെ അഭിപ്രായം ഏറെ രസാവഹമാണ്.വളരെ ചെറുപ്രായത്തിൽ തന്റെ അമ്മൂമ്മയോടൊപ്പം വീടിന് പുറക് വശത്ത് നിൽക്കുമ്പോൾ വയലിനപ്പുറമുള്ള ഒരു തരിശ് ഭൂമിയിൽ നിന്നും ഒരു ദീപം മെല്ലെ സഞ്ചരിക്കുന്നത് എന്നും കാണുമായിരുന്നു. അതിനെ കുറിച്ച് അമ്മൂമ്മയോട് ചോദിച്ചപ്പോൾ അവിടെ വസൂരി വന്ന് മൂർച്ഛിക്കുന്നവരെ ജീവനോടെ കുഴിച്ചിട്ട സ്ഥലമാണ് അങ്ങനെ ഗതി കിട്ടാതെ അലയുന്ന ആത്മാക്കൾ രാത്രി സഞ്ചരിക്കാനിറങ്ങുന്നതാണ് എന്നും അമ്മൂമ്മ പറഞ്ഞു. പകൽ അദ്ദേഹം അവസൂരി തറ ദൂരെ നിന്നും നോക്കി നിൽക്കുമായിരുന്നു. വസൂരി വന്നു വീർത്തുപൊങ്ങിയ മനുഷ്യരെ അടിച്ചും ഉന്തിയും കൊണ്ട് കുഴിയിൽ ചാടിക്കുന്ന കാഴ്ച ഞാൻ വേദനയോടെ സ്വപനം കാണുമായിരുന്നു. ഒരിക്കൽ കുഴിയിൽ വീണ ഒരു രോഗി പ്രാണരക്ഷാർത്ഥം കരകയറാൻ അടുത്ത് നിന്ന ഒരു മരത്തിന്റെ പേരിൽ കയറി പിടിച്ചപ്പോൾ ആവേര് വെട്ടി രോഗിയെ കുഴിയിൽ ഇട്ട് മൂടിയതായും അമ്മൂമ്മ പറഞ്ഞിട്ടുണ്ട്. കുറച്ചു നാൾ കഴിഞ്ഞ് രാത്രി സഞ്ചരിക്കുന്ന ആ ദീപത്തെക്കുറിച്ച് ഞാൻ അമ്മയോട് ചോദിച്ചപ്പോൾ അവിടെയുള്ള ഒരു കള്ളവാറ്റുകാരൻ ആവശ്യക്കാരെ തേടി കുപ്പിയുമായി പോകുന്നതാണെന്നമ്മ പറഞ്ഞു തന്നു. എങ്കിലും കഥയിലെ ദീപത്തെ മാറ്റി നിർത്തിക്കഴിഞ്ഞാൽ അലമുറകളും ആർത്തനാദങ്ങളും അടങ്ങാത്ത ഒരു പ്രാകൃത സമൂഹം നമുക്കുണ്ടായിരുന്നു എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

പന്ത്രണ്ട് വർഷക്കാലം നീണ്ട ബോധവൽക്കരണത്തിലൂടെയും പ്രതിരോധ കുത്തിവയ്പ്പിലൂടെയുമാണ് വസൂരിയെ നിർമാർജനം ചെയ്തത്.കാപട്യങ്ങളും വാക്കിൻ വിരുദ്ധതയും നടമാടുന്ന ഇന്ത്യയിൽ ശാസ്ത്രത്തേക്കാൾ മനുഷ്യൻ ഇഷ്ടപ്പെടുന്നത് മതാചാരങ്ങളിലെ അശാസ്ത്രീയതയാണെന്ന് ഓർമപ്പെടുത്തുന്നതു കൂടിയാണീ ചിത്രം. തിരുവനന്തപുരത്ത് നടന്ന സത്യജിത് റായ് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രങ്ങളുടെ കൂട്ടത്തിൽ മൂന്നാം സ്ഥാനവും തിരക്കഥയ്ക്ക് ഒന്നാം സ്ഥാനവും ലഭിച്ചു. മനുഷ്യൻ വീണ്ടും ആചാരങ്ങൾ സംരക്ഷിക്കാനായി തെരുവിലിറങ്ങുന്ന ഇക്കാലത്ത് വസൂരി പോലെയുള്ള ചിത്രങ്ങൾ ഏറെ ശ്രദ്ധേയമാകുന്നു.

കൊടുമൺ അങ്ങാടിക്കൽ സ്വദേശി ജയിൻ ആണ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്.മുൻപ് ദക്ഷിണേന്ത്യയുടെ ചരിത്രം ഡോക്യുമെന്ററികളായും, ഫോട്ടോഗ്രാഫുകളായും ചിത്രീകരിച്ചിട്ടുണ്ട്. ബിഹൈൻഡ് ദ ലെൻസ്, ഹെർട്ട് ഓഫ് റെയ്ൻ എന്നീ ചിത്രങ്ങളും അദ്ദേഹത്തിന്റേതായി പുറത്തു വന്നിട്ടുണ്ട്.അനീഷ് ബാലദേവൻ, സജീവൻ അന്തിക്കാട് എന്നിവരാണ് നിർമാതാക്കൾ.സാംസ്കാരിക പ്രവർത്തകരായ കുമ്പളത്ത് പത്മകുമാർ, ബാബു ജോൺ, കുമ്പളത്ത് അയ്യപ്പദാസ്, സുനീഷ് വിസ്മയ എന്നിവരാണ് അണിയപ്രവർത്തകർ.



നാഗപ്പാറയിലെ അരുവി

ഇതാ കാനന വിസ്മയം

ഷിനു കുര്യൻ

സഞ്ചാരികളെ വിസ്മയിപ്പിച്ച് കോട്ടാങ്ങൽ പഞ്ചായത്തിലെ നാഗപാറ പൊന്തൻപുഴ വലിയകാവ് റിസർവ് വനത്തിനുള്ളിലെ പാറകെട്ടും മഴക്കാലത്തെ അതിമനോഹരമായ വെള്ളചാട്ടവും ദൃശ്യചാരുതയേകുന്നു. നാഗപ്പാറയിൽ നിന്ന് ദൂരദർശിനിയിൽ നോക്കി ആലപ്പുഴ ലൈറ്റ് ഹൗസിലെ പ്രതിബിംബങ്ങൾ കാണാം. ആലപ്പുഴയിലെ ടവറിൽ നിന്നാണ് ഇവിടെ മൊബൈൽ സിഗ്നലുകൾ ലഭിക്കുന്നത്. വനത്തിന്റെ കുളിർമയാണ്. രണ്ടു നീർചാലുകൾക്ക് നടുവിലായുള്ള പാറക്ക് ചുറ്റും മഴക്കാലത്ത് ജലമൊഴുകുമ്പോൾ വെള്ളത്തിൽ ഉയർന്നു നിൽക്കുന്ന കൂറ്റൻ പാറ പ്രകൃതി ഒരുക്കുന്ന വിസ്മയ കാഴ്ചയാണ്. അരുവിയിലെ തെളിനീരിനപ്പുറം ശുദ്ധജലം തേടേണ്ടതില്ല. വെള്ളച്ചാട്ടത്തിന് സമീപമുള്ള കാട്ടുവള്ളികളിൽ തൂങ്ങി വെള്ളച്ചാട്ടത്തിന്റെ അടിവാരത്തെത്താം.കരുവള്ളി കാട് കുരിശുമല ഇവിടെ നിന്നുള്ള മറ്റൊരു മനോഹര കാഴ്ചയാണ്. അപൂർവയിനം ദേശാടന പക്ഷികളുടെ സങ്കേതമാണിവിടം.മുറികൂടി അടക്കമുള്ള അപൂർവ ഔഷധസസ്യങ്ങളുടെ നിലവറയായ ഇവിടെ കുരങ്ങും കാട്ടുപന്നിയുമടക്കം ജീവികളുടെ വിഹാരകേന്ദ്രമാണ്. കേഴ, മ്ളാവ്, മയിൽ എന്നിവ ഇവിടുത്തെ സന്ദർശകരാണ് .മല്ലപ്പള്ളി എഴുമറ്റൂർ ചാലാപ്പള്ളിയിൽ നിന്ന് മാരംകുളമെത്തി മൂന്നു കിലോമീറ്റർ വലത്തേക്ക് സഞ്ചരിച്ചാൽ നാഗപാറയെത്താം. ഇവിടെ നിന്ന് റാന്നിയിലേക്ക് അഞ്ച് കിലോമീറ്റർ കാനന പാതയുമുണ്ട്. ആധുനികത തുരങ്കം വക്കാത്ത പ്രകൃതി ഭംഗിയുടെ അനശ്വര കാഴ്ചകൾക്ക് നിരവധിയാളുകളാണ് ഇവിടെ എത്തുന്നത്.

പാഠശാല വെറുമൊരു പേരല്ല...

ഇവിടെ ഏത് ക്ലാസിലുമിരിക്കാം

സ്വന്തം ലേഖകൻ

'കൂടില്ലാത്തണ്ണാനെ വാ വാ
കൂടുവാനിന്നൊരു കൂടുതരാം
ആടിയുംപാടിയും ഈ മരച്ചില്ലയിൽ
ഓടി കളിക്കാനൊന്നു വായെ'

അധ്യാപകരും കുട്ടികളും ചേർന്ന് പാടിയും കളിച്ചും തിമിർക്കുകയാണിവിടെ.കളി കഴിഞ്ഞാലും എല്ലാവർക്കും കോമ്പൗണ്ടിനുള്ളിൽ പൂർണ സ്വാതന്ത്ര്യം. ചിലർ ഊഞ്ഞാലുകളിലേക്ക്. ചിലർ മരംകയറുന്നു.മറ്റു ചിലർ കയറിലൂടെ ഉയരങ്ങളിലേക്ക്.അര മണിക്കുറിന് ശേഷം ക്ലാസുകളിലക്ക്.അധ്യാപകരും വിദ്യാർഥികളുമിവിടെ കൂട്ടുകാരാണ്.

മരങ്ങൾ ഇട തൂർന്ന് വളരുന്നൊരിടം. പ്രകൃതിയുമായി ഇണങ്ങി കുട്ടികൾക്ക് പഠിക്കാമിവിടെ. ബാല്യകാല സന്തോഷങ്ങൾ നഷ്ടപ്പെടാതെ വേണം വിദ്യാഭ്യാസം എന്നു കരുതുന്ന ഒരു ചെറിയ കൂട്ടം അധ്യാപകരുടെ കൂട്ടായ്മ രൂപപ്പെടുത്തിയ ചെറിയൊരു വിദ്യാലയം.പാഠശാലയെന്നു തന്നെ പേര്.

നാലു വർഷം നീണ്ട ആലോചനകളുടെയും പഠനത്തിലൂടെയുമാണ് സ്ഥാപനം രൂപപ്പെടുത്തിയത്.നിശ്ചിത ഫീസ് ഇവിടെ നിർബന്ധമില്ല.കുടുംബത്തിന്റെ അവസ്ഥ അനുസരിച്ചുള്ള സഹായമാകാം.പ്രകൃതിയാണ് വലിയ അധ്യാപകൻ.അതു കൊണ്ടു തന്നെ കുട്ടികൾക്ക് പ്രകൃതിയിൽ നിന്ന് ആവുന്നത്ര പഠിക്കാനാവശ്യമായ സഹായമൊരുക്കുകയാണിവിടെ.

അധ്യാപകരും കുട്ടിയും തമ്മിലുള്ള അടുപ്പമാണ് വിഷയങ്ങളെ പഠിപ്പിക്കാനുപയോഗിക്കുന്നത്. കുട്ടികളുടെ താല്പര്യം എന്താണന്നറിഞ്ഞ് അതിലൂടെ ക്രമാനുഗതമായി അറിവ് വികസിപ്പിച്ചെടുക്കുക എന്ന തന്ത്രമാണിവിടെ പ്രയോഗിക്കുക.ചില കുട്ടികളുടെ താല്പര്യം വാഹനമാകാം. അതിനെ ഉപയോഗിച്ച് എഴുതാനും വായിക്കാനും അറിയാനുമെല്ലാം പടിപടിയായി അവനെ പഠിപ്പിക്കുക. ഫുട്ബോൾ ഇഷ്ടമായ കുട്ടിയെ ജോഗ്രഫിയിലക്ക് നയിക്കാൻ വളരെ എളുപ്പമാണത്രെ.അറിയാവുന്നതിൽ നിന്നും പുതിയ അറിവുകളിലേക്ക് നയിക്കുക.

കളിയിലേർപ്പെട്ട കുട്ടികളും അധ്യാപകരും

എൽകെജി മുതൽ അഞ്ചാം തരം വരെ ആകെ പതിനഞ്ചു കുട്ടികൾ മാത്രം.ആർക്കും ഏതു ക്ലാസിലുമിരിക്കാം.ഓരോരുത്തർക്കും അവരവരുടെ നിലവാരമനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നൽകുന്നത്. സ്വാതന്ത്ര്യബോധവും ആത്മവിശ്വാസവും വളർത്തിയാണ് കുട്ടിയെ മുന്നോട്ടു നയിക്കുന്നത്.

പല പ്രകൃതിസംരക്ഷണ പദ്ധതികളുടെയും സൂത്രധാരനും ജൈവ കൃഷി പ്രചാരകനുമായ കെ വി ദയാലിന്റെ നേതൃത്വത്തിലാണ് ഈ പാഠശാലയുടെ പിറവി. അദ്ദേഹം രൂപം കൊടുത്ത നേച്ചേഴ്സ് സിഗ്നേച്ചർ ഫൗണ്ടേഷന്റെ ആദ്യവിദ്യാലയ സംരംഭമാണ് ഇരവിപേരൂർ കല്ലൂപ്പാറ റോഡിനോട് ചേർന്ന് പ്രയാറ്റുകടവ് ഭാഗത്ത് പ്രവർത്തനം നടത്തുന്നത്.

വിദ്യാലയം സമൂഹത്തിന്റെതാവണം എന്നാണ് ഫൗണ്ടേഷന്റെ കാഴ്ചപ്പാട്. ലാഭം ഉണ്ടാക്കാനുള്ള വ്യവസായമായി വിദ്യാഭ്യാസ മേഖല താണുപോകരുതെന്ന പക്ഷക്കാരാണ് പിന്നണി പ്രവർത്തകരെല്ലാം.

നാലാം ക്ലാസുവരെ പരീക്ഷയില്ല. എഴുതുന്നതിലെ ശരി തെറ്റുകൾ അടയാളപ്പെടുത്തൽ മാത്രം. അഞ്ചുമുതൽ മാത്രമാണ് പരീക്ഷയും മാർക്കുമൊക്കെ.എങ്കിലും ഓരോ മാസവും രക്ഷകർത്താക്കൾക്ക് നേരിട്ട് കുട്ടിയെപ്പറ്റിയുള്ള റിപ്പോർട്ട് നൽകും.

നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ്ങിന്റെ അംഗീകാരത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ എൻസിഇആർടിയുടെ പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്.ഒന്നും വീട്ടിൽ കൊണ്ടു പോകണമെന്നില്ല.എല്ലാ ദിവസവും ഒരു മണിക്കൂർ സ്പോർട്സിനായി മാറ്റി വച്ചിരിക്കുന്നു. സാംസ്കാരിക പ്രവർത്തനത്തിനായി സർഗവേദിയുമുണ്ട്.

കർഷകരെ ബഹുമാനിക്കുന്നവരും കൃഷി, ആരോഗ്യപരിപാലനം എന്നിവയിൽ അടിസ്ഥാന അറിവുള്ളവരാകണം അടുത്ത തലമുറ.സഹജീവികളുമായും സസ്യങ്ങളുമായും അടുത്ത സമ്പർക്കമുണ്ടാകണം.സാമൂഹ്യ പ്രശ്നങ്ങളിൽ യഥാവിധി പ്രതികരിക്കാൻ കെൽപ്പുള്ളവരാകണം പുതിയ തലമുറ.അതിനായുള്ള പ്രവർത്തനങ്ങളാണ് പാഠശാലയിലെന്ന് പ്രിൻസിപ്പാൾ ഡോ. എസ് വിധു പറഞ്ഞു.

പാഠശാല ഒരു ബദൽ വിദ്യാഭ്യാസമല്ല. സർക്കാരിന്റെ നിയമങ്ങൾ പാലിച്ച് കുട്ടികളെ നല്ല മനുഷ്യരായി വളർത്തി കൊണ്ടുവരാനുള്ള ഒരു പരിശ്രമമാണ് എന്നാണ് പാഠശാലയുടെ സ്ഥാപകൻ കെ വി ദയാൽ പറയുന്നത്. ഇക്കോളജി എന്ന ശാസ്ത്രത്തിന്റെ അടിത്തറയിലാണ് പാഠശാല രൂപപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം പറയുന്നു.

സുമാ ദേവി, നിർമല ദേവി, അർച്ചന, നിധിൻ, അമ്പിളി എന്നിവരാണ് അധ്യാപകർ.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അംഗം മനുഭായിയടക്കം സ്ഥാപനത്തിന്റെ അഭ്യുദയകാംഷികളുടെ സഹായം സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് ഉപകാരപ്രദമാണന്ന് അധ്യാപകർ പറയുന്നു.

'നന്മയാകുന്ന കാന്തി കാണുവാൻ
നല്ല വാക്കിന്റെ ശീലു ചൊല്ലുവാൻ
നാവിനാകേണമെ' എന്ന പ്രാർത്ഥനാ ഗാനത്തോടെ തുടങ്ങുന്ന ഓരോ ദിവസവും പുതിയ അറിവുകളിലേക്ക് എത്താനുള്ള പരിശ്രമമാണിവിടെ നടക്കുക എന്ന് നിസംശയം പറയാനാവും.